# കൂട്ടായ്മ വിരുന്ന്

മെയ് - ജൂൺ 2018



Department of Family Units and Parish Renewal
(Archdiocese of Ernakulam - Angamaly)
Renewal Centre Kaloor, Kochi - 682017
Ph: 0484 - 2338151, 9387074502
www.familyunitsekm.com



# മദർ മേരി സെലിൻ ദൈവദാസി

കർമ്മലീത്ത സന്യാസ സമൂഹ (സി.എം.സി.) അംഗം മദർ മേരി സെലിനെ ദൈവദാസിയായി പ്രഖ്യാപിച്ചു.

1906–ൽ മള്ളുശ്ശേരി ഇടവകയിൽ ജനിച്ചു.

1932–ൽ സന്യാസവ്രതം സ്വീകരിച്ചു.

1933 മുതൽ 1968 വരെ അധ്യാപനവൃത്തിയിലൂടെ തന്റെ ശുശ്രൂഷ നിർവ്വഹിച്ചു.

1963–ൽ സി.എം.സി. സഭയുടെ മദർ ജനറാൾ ആയി തെരഞ്ഞെടുക്കപ്പെട്ടു.

പ്രാർത്ഥനയിൽ സ്ഫുടം ചെയ്ത വിശുദ്ധിയുടെ വ്യക്തിത്വമായിരുന്നു മദർ മേരി സെലിന്റേത്. വെളുപ്പിനു 4 മണിക്കു ദേവാലയത്തിൽ എത്തി പ്രാർത്ഥനയിൽ മുഴുകുമായിരുന്നു.

പ. ത്രിത്വത്തോടു അനിതര സാധാരണമായ ഭക്തി പുലർത്തിയിരുന്ന സെലീനാമ്മ

‘‘പ. ത്രിത്വമേ എന്റെ ഭാഗ്യമേ’’ എന്ന സുകൃത ജപം എപ്പോഴും ഉരുവിടുമായിരുന്നു.

# ജീവിത മാതൃക

പതിനാലു വയസ്സായ മകൻ കൂട്ടുകാരോടൊത്ത് മദ്യം കഴിച്ചു എന്ന് പ്രിയമുള്ള പപ്പ അറിഞ്ഞു. വാത്സല്യത്തോടെയാണ് പപ്പ മകനെ ഉപദേശിച്ചത്: ''മോനേ, ഇനി മേലിൽ മദ്യം കഴിക്കരുത്.'' ''പപ്പ മിക്ക ദിവസങ്ങളിലും മദ്യം കഴിക്കുന്നുണ്ടല്ലോ, പിന്നെ എനിക്കു മദ്യം കഴിച്ചാലെന്താ?,'' പ്രിയമുള്ള മകൻ തിരിച്ചടിച്ചു. പിന്നെ പപ്പ ഒന്നും മിണ്ടിയില്ല. മമ്മിയും ഡാഡിയും നിശാക്ലബുകളിൽ പോകുന്നുണ്ടല്ലോ. പിന്നെ ഞങ്ങൾക്കു ഡി.ജെ. ക്ലബുകളിൽ പോയാലെന്താ? - മക്കളുടെ ചോദ്യം. നേതാവ് അഴിമതി കാണിക്കുന്നു. എങ്കിൽ അണികൾക്കും അതിനവകാശമില്ലേ?! ഇടയന്റെ വഴികൾ ഇടറുന്നു, ആടുകളും ആ വഴി തന്നെ! വിജ്ഞാന വചസ്സുകൾ ഉതിർന്നു വീഴേണ്ട ഗുരുമുഖങ്ങൾ ശിഷ്യർക്ക് സദ്ജീവിതത്തിന്റെ തെളിമ പകരുന്നില്ല. മാതൃകയാക്കാനുള്ള ജീവിതങ്ങൾ ഇല്ലാതാകുന്നു എന്നത് ഇക്കാലഘട്ടത്തിലെ ഒരു നൊമ്പരമാണ്. അതുകൊണ്ട് നാടോടുമ്പോൾ നടുവെ എന്നത് ഒരു പൊതു തത്വമായി സ്വീകരിക്കപ്പെടുന്നു. നാടോടുന്ന വഴി യോഗ്യമാണോയെന്ന് ആരും അന്വേഷിക്കുന്നുമില്ല.

മരണക്കിടക്കയിൽ കിടക്കുന്ന സമ്പന്നനായ വൃദ്ധൻ കണ്ണീർ വാർക്കുകയാണ്. കാരണമുണ്ട്, ജീവിതത്തിൽ ഇന്നുവരെയും ഓർമ്മയിൽ സൂക്ഷിക്കാവുന്ന സൽമാതൃകയുടെ ഒരു നന്മയും തന്റെ ജീവിത പുസ്തകത്തിൽ അദ്ദേഹം കാണുന്നില്ല. ഒരമ്മയുടെ മരണക്കിടക്കയ്ക്കു ചുറ്റും മക്കൾ നിൽക്കുകയാണ്. ആ അമ്മയുടെ മുഖം സന്തോഷത്താൽ പ്രകാശിതമാണ്. മക്കൾ വിതുമ്പുകയും ചെയ്യുന്നു. ദാരിദ്ര്യത്തിന്റെ നാളിൽ കഞ്ഞിക്കലത്തിലെ അവസാന വറ്റും മക്കൾക്കു കൊടുത്തു, പല ദിവസവും കഞ്ഞിവെള്ളം കുടിച്ചാണ് ആ അമ്മ അന്തി ഉറങ്ങിയത്. പക്ഷേ, ആ ഓർമ്മകൾ അമ്മയ്ക്ക് സന്തോഷം പകരുന്നു. ആ അമ്മയെ ഓർത്താണ് മക്കൾ വിതുമ്പുന്നത്.

ഗൗരവമായി നാം ചിന്തിക്കേണ്ട ഒരു വിഷയമാണിത്. എന്തു ബാക്കി വച്ചിട്ടാണ് എന്റെ ജീവിതം കടന്നു പോകുന്നത്. കല്ലും മണ്ണും കൊണ്ടു പണിയുന്ന സ്മാരകങ്ങളെക്കാൾ എന്റെ നല്ല ജീവിതത്തിന്റെ മാതൃകകൾ അനുസ്മരിക്കപ്പെടുമോ? മുൻതലമുറ നമുക്കു തന്ന കുറെ നല്ല മാതൃകകളുണ്ട്. വിശ്വാസം, ധാർമ്മികത, നീതിബോധം, സത്യസന്ധത, പരസഹായബോധം, ഇങ്ങനെ മാതൃകയാക്കാവുന്ന പലതും. കഠിനാദ്ധ്വാനം ചെയ്തു ജീവിക്കാനുള്ള വഴികൾ മുൻതലമുറ കാണിച്ചു തന്നപ്പോൾ, നിർഭാഗ്യമെന്നു പറയട്ടെ, ഇന്നു നാം ബാങ്കു അക്കൗണ്ടുകളുടെ രേഖകൾ പിൻതലമുറയ്ക്ക് കൈമാറുന്നു. അദ്ധ്വാനിക്കാതെ ലഭിച്ച

പണത്തിന്റെ വിലയറിയാത്തതുകൊണ്ട് ആഡംബരവും, സുഖലോലുപതയും, മദ്യവും, മയക്കുമരുന്നും പുതുതലമുറയുടെ ഉടപ്പിറപ്പുകളാകുന്നു. മക്കബായരുടെ രണ്ടാം പുസ്തകത്തിൽ പറയുന്ന ഒരമ്മയുടെയും എഴു മക്കളുടെയും കഥ നമുക്ക് പരിചിതമാണ്. ആ പഴയനിയമ സംഭവത്തിനു പുതിയനിയമ യുഗത്തിലും ഏറെ പ്രസക്തിയുണ്ട്.

ആത്മവിമർശനത്തിനുള്ള ഒരു ചോദ്യം അവശേഷിക്കുന്നു.എന്റെ ക്രൈസ്തവജീവിതം മറ്റുള്ളവർക്ക് സൽമാതൃക നൽകുന്നുണ്ടോ? **എന്റെ ജീവിതത്തിന്റെ ദുർമാതൃകകൊണ്ട് ആരെങ്കിലും വഴിതെറ്റിപ്പോയിട്ടുണ്ടോ?** സംഭാഷണശൈലി, വസ്ത്രധാരണരീതി, ജീവിതക്രമം, തുടങ്ങിയവ ആത്മവിമർശനത്തിനു വിധേയമാക്കാവുന്നതാണ്. ഇക്കാര്യത്തിൽ വ്യക്തിപരമായ വിലയിരുത്തലിനോടൊപ്പം ക്രൈസ്തവകൂട്ടായ്മകൾക്ക് വലിയ ഉത്തരവാദിത്വമുണ്ട്. സുവിശേഷമൂല്യങ്ങൾക്കും, സഭയുടെ പ്രബോധനങ്ങൾക്കും അനുസൃതമായ ഒരു ക്രിസ്തീയജീവിതശൈലി വരുംതലമുറക്ക് പകർന്നു കൊടുക്കാൻ നമുക്കു ബാധ്യതയുണ്ട്. കുഞ്ഞുങ്ങളെ തളർത്തിക്കളയുന്ന, ദുഷ്പ്രേരണ നൽകുന്ന ഒന്നും നമ്മുടെ കൂട്ടായ്മകളിലോ, ഇടവകകളിലോ സംഭവിക്കരുത്. **കുടുംബകൂട്ടായ്മകളുടെ നേതൃത്വത്തിൽ നാം നടത്തുന്ന ഏതു കാര്യവും (തെരഞ്ഞെടുപ്പാകട്ടെ, കലാപരിപാടികളാകട്ടെ, ചർച്ചകളാകട്ടെ, മീറ്റിംഗാകട്ടെ) സൃഷ്ടിപരമായ പ്രചോദനം നൽകുന്നതാണ് എന്ന് നാം ഉറപ്പു വരുത്തണം.**

സൽപ്രേരണ നൽകി കടന്നു പോകാൻ ഒരുവനെ പ്രേരിപ്പിക്കുന്ന ധന്യജീവിതം രൂപപ്പെടുന്നത് ദൈവീകമായ ഉൾപ്രേരണകൾ ഒരുവനിൽ രൂപപ്പെടുന്നതിനെ ആധാരമാക്കിക്കൂടിയാണ്. **നമ്മുടെ ഉള്ളിലെ ആത്മാവിന്റെ ജ്വലനവും, നേർചിന്തകളുമാണ് നമ്മുടെ ഉൾപ്രേരണകളെ നന്മയുള്ളതാക്കുന്നത്.** നന്മ നിറഞ്ഞ ഉൾപ്രരണകൾ സൽമാതൃകകൾക്കു നമ്മെ പ്രേരിപ്പിക്കും. സൽമാതൃകയുടെ ജീവിതം പരുവപ്പെടുത്തിയെടുക്കുകയെന്നത് ക്രിസ്തു ശിഷ്യത്വത്തിന്റെ ഒരു തപസ്സാണ്. ദുർമാതൃകകളുടെ സാന്നിധ്യങ്ങളിൽ നിന്ന് അകലം പാലിക്കുക എന്നത് ഈ തപസ്സിന്റെ ആദ്യപടി. സത്ചിന്തകൾ കൊണ്ട് ബുദ്ധി നിറയുകയും, അത് മനനം ചെയ്ത് നല്ല വാക്കുകളായി പുറത്തു വരുകയും വേണം. ചിന്തയും, വാക്കും ഏകോപിക്കുമ്പോൾ അത് സൽപ്രവർത്തികളായി മാറുന്നു. നമ്മുടെ സദ്പ്രവർത്തികളിലൂടെ സ്വർഗസ്ഥനായ പിതാവ് മഹത്വപ്പെടേണ്ടതിനും വരുംതലമുറ മാതൃകയാക്കുന്നതിനും നമ്മുടെ ജീവിത വെളിച്ചം ലോകത്തിനു മുമ്പിൽ പ്രകാശിക്കട്ടെ. ഏവർക്കും ദുഖ്റാന തിരുനാളിന്റെ പ്രാർത്ഥനാമംഗളങ്ങൾ.

നന്ദിയോടെ,

**സണ്ണിയച്ചൻ**

 ഫാ. ജോസഫ് മണവാളൻ

# ഒന്നാമനാകാൻ ആഗ്രഹിക്കുന്നെങ്കിൽ

**(മർക്കോസ് 9:33-37)**

## പശ്ചാത്തലം

പ്രവചനങ്ങളനുസരിച്ച് മിശിഹാ വന്ന് രാജ്യം പുനഃസ്ഥാപിക്കാനുള്ള സമയം ആസന്നമായിരിക്കുന്നു എന്ന വിശ്വാസം ആഴത്തിൽ ജനങ്ങളുടെ ഇടയിൽ വേരൂന്നിയിരുന്നു. യേശുവാകുന്ന മിശിഹായെ, രാഷ്ട്രീയമായി ഇടപെട്ട് വിമോചനം കൊണ്ടുവരുന്ന മിശിഹായായിട്ടല്ലാതെ, ഉത്ഥാനശേഷംപോലും, മനസ്സിലാക്കാൻ അവർക്കു സാധിച്ചില്ല. ഈയൊരു കാഴ്ചപ്പാടിൽ യേശുവിനെ അനുധാവനം ചെയ്യുന്നതുകൊണ്ടാകാം അവരുടെയിടയിൽ സ്വാഭാവികമായി ചില അതിമോഹങ്ങൾ ഉടലെടുത്തത്. ഒരുപക്ഷേ, രൂപാന്തരീകരണ സമയത്ത് (9:6 ff) പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവരെ മാത്രം തന്നോടൊത്തായിരിക്കുവാൻ യേശു തെരഞ്ഞെടുത്തപ്പോൾ ഈ അസ്വസ്ഥത അല്പം രൂക്ഷമായിട്ടുണ്ടാകാം. ചില ക്രിസ്തീയ സമൂഹങ്ങളിൽ പദവികൾക്കോ മുൻഗണനക്കോവേണ്ടി ഉടലെടുത്ത ചില സംഘർഷങ്ങളും ഒരുപക്ഷെ, ഈ വചനഭാഗത്തിന്റെ പശ്ചാത്തലമായി പ്രതിധ്വനിക്കുന്നുണ്ടാകാം.

## പ്രമേയം

പ്രധാനമായും രണ്ടു കാര്യങ്ങളാണ് ഈ വചനഭാഗത്ത് പരാമർശവിഷയമാവുക. ഒന്നാമതായി, ക്രിസ്തുശിഷ്യന്റെ അടിസ്ഥാനഗുണങ്ങളായ എളിമ, ശുശ്രൂഷാമനോഭാവം. രണ്ടാമതായി, പൊതുധാരണകൾക്കു വിരുദ്ധമായി ക്രിസ്തു വിഭാവനം ചെയ്യുന്ന രാജ്യത്തിന്റെ സവിശേഷതകളെപ്പറ്റിയുള്ള പ്രതിപാദനം.

## വ്യാഖ്യാനം

''ഒന്നാമനാകാൻ (പ്രോത്തോസ് ആഗ്രഹിക്കുന്നവൻ അവസാനത്തവനും (എസ്ക്കാത്തോസ്) എല്ലാവരുടേയും ശുശ്രൂഷകനുമാകണം (ഡിയാക്കോണോസ്).''

യേശുവിന്റെ കാലഘട്ടത്തിൽ, സുപ്രധാന പദവികളിലുള്ള ഭരണാധികാരികൾ, പ്രഭുക്കന്മാർ, പ്രധാന പുരോഹിതൻ തുടങ്ങിയ വ്യക്തി

കളെ സൂചിപ്പിക്കാനാണ് പ്രധാനമായും 'ഒന്നാമൻ' (പ്രോത്തോസ്) എന്ന പദം ഉപയോഗിച്ചിരുന്നത്. സ്വാഭാവികമായി ശിഷ്യന്മാരുടെ ചിന്ത യേശു ജെറുസലേമിൽ എത്തുമ്പോൾരാജാവായി വാഴിക്കപ്പെടുമെന്നും അതിനാൽ തങ്ങൾക്ക് വിശിഷ്ടസ്ഥാനങ്ങൾ (പ്രോത്തോസ്) ലഭിക്കുമെന്നുമായിരുന്നു. ശിഷ്യന്മാരുടെ ഈ കണക്കുകൂട്ടലുകൾക്കുള്ള ഒന്നാന്തരം തെളിവാണ് സെബദീപുത്രന്മാരുടെ അഭ്യർത്ഥന (10:35-37). ശിഷ്യന്മാരുടെ പ്രതീക്ഷകൾക്ക് ഘടകവിരുദ്ധമായ നിർദ്ദേശമാണ് യേശുവിന്റെ പ്രതികരണം. യേശുവിന്റെ കാഴ്ചപ്പാടിൽ ഒന്നാമൻ എന്നുള്ളത് വിനീതനും ശുശ്രൂഷകനും (ഡിയോക്കോണോസ്) ആകാൻ കഴിവുള്ളവനാണ്.

'ഡിയാക്കോണോസ്' എന്ന പദം സാധാരണ ദ്യോതിപ്പിക്കുന്നത് 'ഭക്ഷണമേശയിൽ' ശുശ്രൂഷ ചെയ്യുന്നവൻ എന്നതാണ്. അല്പംകൂടി വിശദമാക്കിയാൽ 'ദാസൻ, വേലക്കാരൻ' എന്നിങ്ങനെയും. യഥാർത്ഥത്തിൽ, ദൈവരാജ്യത്തിന്റെ ക്ഷണം ശുശ്രൂഷകനാകാനാണ്; ശിഷ്യന്മാർക്കു മനസ്സിലായതോ 'പ്രോത്തോസ്' എന്നും.

**''ശിശുവിനെ എന്റെ നാമത്തിൽ സ്വീകരിക്കുന്നവൻ:''** നിഷ്കളങ്കതയുടെ പ്രതീകമായിട്ടല്ല ശിശുവിനെ ഇവിടെ കാണിക്കുക. വിലയില്ലാത്തവരുടേയും, നിസ്സഹായരുടേയും, സാമൂഹികശ്രേണിയിൽ ഏറ്റവും പിൻ തള്ളപ്പെട്ടവരുടേയും പ്രതീകമാണ് ശിശു. യേശുവിന്റെ കാലഘട്ടത്തിൽ, ശിശുവിനെ പൂർണവ്യക്തിയായി കണ്ട് എല്ലാ അവകാശങ്ങളും നൽകിയിരുന്നില്ല. മാത്രമല്ല അക്കാലത്തെ ശിശുമരണനിരക്ക് വളരെ കൂടുതലായിരുന്നതുകൊണ്ട് ശിശുക്കൾ ആരോഗ്യമുള്ളവരായിരിക്കുക അസാധരണവുമായിരിന്നു. ഇക്കാരണങ്ങളാൽത്തന്നെ വളരെ ദുർബലരും നിസ്സഹായരുമായിട്ടാണ് (powerless) അവരെ കണ്ടിരുന്നത്. മാത്രമല്ല, ഈ സുവിശേഷത്തിൽ പലപ്പോഴും പരാമർശിക്കപ്പെടുന്ന കുട്ടികളോ, രോഗികളോ (5:23), പിശാചുബാധയാൽ വലയുന്നവരോ (7:25; 9:17) അല്ലെങ്കിൽ മുതിർന്നവരാൽ ചൂഷണം ചെയ്യപ്പെടുന്നവരുമാണ് (6:25-25).

ശിഷ്യന്മാർക്കുള്ള യേശുവിന്റെ സന്ദേശം വ്യക്തമാണ്. അവർ സ്വന്തം മഹത്വമോ ബഹുമാനമോ അന്വേഷിക്കാതെ ദുർബലരെയും സമൂഹം വിളുമ്പിലേയ്ക്ക് മാറ്റി നിറുത്തിയവരേയും അന്വേഷിക്കണം. ദൈവരാജ്യത്തിന്റെ ശുശ്രൂഷകൻ ആതിഥേയത്വം വഹി

ക്കേണ്ടത് സമൂഹത്തിൽ തങ്ങളുടെ മഹിമയും സ്ഥാനവും വർദ്ധിപ്പിക്കുന്നവരെ സ്വീകരിച്ചുകൊണ്ടല്ല.

## വിചിന്തനം

ശുശ്രൂഷ ചെയ്യുന്നവൻ മറ്റുള്ളവരറിയാതെ അവരുടെമേൽ വൈകാരികമായ അധികാരം കയ്യാളുന്നുണ്ട്. ഈ വൈകാരിക അധികാരം നേടിയാൽ മാത്രമേ ഒരുവനു യഥാർത്ഥ നേതാവായി വിജയിക്കുവാൻ സാധിക്കുകയുള്ളൂ. പ്രായോഗിക തലത്തിൽ ഇതിനുള്ള ഏറ്റവും വ്യക്തമായ ഉദാഹരണമാണ് 'അമ്മ.' ഒരു ഭവനത്തിലെ യഥാർത്ഥ 'അധികാര'മുള്ളയാൾ ആരാണ്? തീർച്ചയായും അമ്മയാണ്. മറ്റുള്ളവർ അവരുടെ എല്ലാ ആവശ്യങ്ങൾക്കുമായി സമീപിക്കുന്നത് അമ്മയെയാണ്. അതിനാൽ അമ്മയില്ലാതാകുമ്പോൾ വലിയ ശൂന്യത അനുഭവപ്പെടുന്നു. അമ്മ ഈ അധികാരം നേടിയെടുക്കുന്നത് അവളുടെ ശുശ്രൂഷകൊണ്ടു മാത്രമാണ്. ഇത്തരത്തിൽ ശുശ്രൂഷകൊണ്ടു മറ്റുള്ളവരുടെമേൽ വൈകാരികവും ധാർമ്മികവുമായ അധികാരം നേടിയെടുത്തവരെ സമൂഹത്തിലും സഭയിലും കണ്ടെത്താൻ സാധിക്കും.

കയ്യാളുന്ന പദവി ഉപയോഗിച്ച് ആജ്ഞയിലൂടെയും സമ്മർദ്ദത്തിലൂടെയും ഭീക്ഷണിയിലൂടെയും അധികാരവും അപ്രമാദിത്വവും ഉറപ്പിക്കാൻ ശ്രമിക്കുന്നവരാണ് നാം. പദവി അതിൽ തന്നെ തെറ്റല്ല, അത് ദൈവനിയോഗമാണ്. യേശു അത് അംഗീകരിക്കുന്നു. പക്ഷെ ഇവിടെ ശുശ്രൂഷാമനോഭാവവും എളിമയും യോഗ്യതകളായിട്ടുള്ളവനു മാത്രമേ വിജയിക്കാൻ സാധിക്കുകയുള്ളൂ. ഫ്രാൻസിസ് പാപ്പാ നൽകുന്ന ശുശ്രൂഷയുടെ അധികാരം' ക്രിസ്ത്വാരൂപിയിലേക്ക് സഭയെ നയിക്കാൻ ഉതകുന്നതാണ്.

### പ്രായോഗികതലം

1. ശുശ്രൂഷ/സേവനം എന്ന യേശുവിന്റെ കല്പന കാലാകാലങ്ങളിലായി എത്രമാത്രം ക്രൈസ്തവികതയുടെ മുഖഛായയായി മാറിയിട്ടുണ്ട്?
2. ലാഭേച്ഛ, പ്രശസ്തി എന്നിവ കണക്കിലെടുക്കാതെ എപ്രകാരം നമ്മുടെ പ്രസ്ഥാനങ്ങളെ, സംരംഭങ്ങളെ ക്രൈസ്തവസാക്ഷ്യം നൽകുന്നവയായി രൂപപ്പെടുത്താം?

❑

# സമയനിഷ്ഠയുടെ ഇന്ദ്രജാലം

ലോകപ്രശസ്തനായ മജീഷ്യനായിരുന്നു പി.സി. സർക്കാർ. ബംഗാളിയായ അദ്ദേഹം ലോകത്തിലെ മിക്ക രാജ്യങ്ങളിലും ഇന്ദ്രജാല പ്രകടനങ്ങൾ നടത്തി ഖ്യാതി നേടിയ വ്യക്തിയായിരുന്നു. ഒരു ദിവസം അമേരിക്കയിലെ വാഷിംഗ്ടൺ ഡി.സി.യിൽ അദ്ദേഹം ഒരു പ്രോഗ്രാം ഏറ്റിരുന്നു. രാത്രി ഏഴുമണിക്കാണ് പരിപാടി തുടങ്ങേണ്ടിയിരുന്നത്. സദസ്യർ നേരത്തേതന്നെ ഇരിപ്പിടങ്ങളിൽ സ്ഥാനം പിടിച്ചിരുന്നു. എന്നാൽ ഏഴുമണിക്ക് സർക്കാർ എത്തിയിട്ടില്ല. സമയം ഇഴഞ്ഞു നീങ്ങുകയാണ്. അരമണിക്കൂർ കഴിഞ്ഞു. സംഘാടകർ ആകെ പിരിമുറുക്കത്തിലാണ്. പൊതുവെ മാന്യന്മാരായ അമേരിക്കക്കാർ അസഹിഷ്ണുക്കളായി തുടങ്ങി. ഒരു മണിക്കൂർ വൈകി കലാകാരൻ എത്തി. അദ്ദേഹം നേരെ സ്റ്റേജിലേയ്ക്ക് കയറി, ആദ്യത്തെ ഐറ്റം ആരംഭിക്കുകയാണ്. അപ്പോൾ, സദസ്യരിൽ നിന്ന് ഒരാൾ എഴുന്നേറ്റ് പറഞ്ഞു: ''ഒരു ക്ഷമാപണം നടത്തിയിട്ട് പ്രോഗ്രാം തുടങ്ങുന്നതല്ലേ മാന്യത?'' പി.സി. സർക്കാർ വിസ്മയത്തോടെ ചോദിച്ചു ''ഞാൻ എന്ത് തെറ്റാണ് ചെയ്തത്?'' ''ഏഴുമണിക്ക് പ്രോഗ്രാം ഏറ്റിട്ട് ഒരു മണിക്കൂറാണ് താങ്കൾ വൈകിയത്.'' ''അതെ. ഏഴു മണിക്കാണ് ഞാൻ പ്രോഗ്രാം ഏറ്റത്. ഞാൻ പ്രോഗ്രാം തുടങ്ങുന്നതും ഏഴുമണിക്ക് തന്നെയാണ്''. ഇപ്പോൾ സദസ്യർ ഒന്നാകെ എഴുന്നേറ്റു. ''ഏയ് മിസ്റ്റർ. ഇന്ത്യൻ സ്റ്റാൻഡേർഡ് ടൈമല്ല, അമേരിക്കൻ ടൈം ഏഴ് മണിയാണ്''. അക്ഷോഭ്യനായി മജീഷ്യൻ പറഞ്ഞു: ''അതെ, അമേരിക്കൻ സമയത്തിനനുസരിച്ചാണ് ഞാൻ എന്റെ വാച്ച് ക്രമീകരിച്ചിരിക്കുന്നത്. എന്റെ വാച്ചിൽ ഇപ്പോൾ ഏഴ് മണിയാണ്. നിങ്ങൾ നിങ്ങളുടെ വാച്ച് നോക്കിയിട്ട് എന്നെ ശകാരിക്കൂ. എല്ലാവരും അവരുടെ വാച്ചിൽ നോക്കിയപ്പോൾ എല്ലാ വാച്ചിലും ഏഴ് മണിയായിരുന്നു. പി.സി. സർക്കാരിന്റെ ആദ്യത്തെ കൺകെട്ടു വിദ്യ അതായിരുന്നു. നീണ്ട കരഘോഷത്തോടെ സദസ്യർ സർക്കാരിനെ പ്രോത്സാഹിപ്പിച്ചു.

നമ്മുടെ ഫാമിലി യൂണിറ്റുകളുടെ നടത്തിപ്പുമായി ഈ സംഭവ

ത്തെ ഒന്നു ബന്ധിപ്പിച്ചു പോയതാണ്. സമയനിഷ്ഠയുടെ കാര്യത്തിൽ പല യൂണിറ്റുകളും യാതൊരു നിഷ്കർഷയും പുലർത്താറില്ല. വൈകീട്ട് അഞ്ചുമണിക്ക് തുടങ്ങേണ്ടതാണ് യോഗമെങ്കിൽ അഞ്ച് മണിക്ക് കസേരകൾ മാത്രമായിരിക്കും ഓഡിയൻസ്. പിന്നെ സംഘാടകർ ഓരോരുത്തരായി എത്തുകയായി. അര മണിക്കൂറെങ്കിലും വൈകിയെ യോഗ നടപടികൾ ആരംഭിക്കൂ. കാര്യ പരിപാടികളിലേയ്ക്ക് കടക്കുമ്പോഴേയ്ക്കും മടങ്ങി പോകാനുള്ള ഒരുക്കം തുടങ്ങും. സമയബന്ധിതമായി നടപടികൾ ക്രമീകരിക്കാൻ ഫാമിലി യൂണിറ്റ് ബൈലോയിൽ ടൈംടേബിൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിശ്ചിതമായ സമയം സുവിശേഷ സംബന്ധിയായ പാരായണത്തിനും, ഏറ്റു ചൊല്ലലിനും, വ്യാഖ്യാനത്തിനും നൽകണം. പ്രാർത്ഥനകൾക്ക് അഭിലഷണീയമായ സമയം സൂചിപ്പിച്ചിട്ടുണ്ട്. ഗ്രൂപ്പ് ചർച്ചയ്ക്കുള്ള വിഷയം കമ്മറ്റി മുൻകൂട്ടി നിശ്ചയിക്കണം. അങ്ങിനെയൊന്ന് ഇല്ലെങ്കിൽ ''വിരുന്ന്'' മാസികയിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഒരു ലേഖനം വായിച്ച് അഭിപ്രായങ്ങൾ രൂപീകരിക്കാം.

യൂണിറ്റ് വാർഷികങ്ങളിലാണ് സമയക്രമം കുത്തഴിയുന്നത് ആഴ്ചയിലൊരിക്കലെങ്കിലും ഏതെങ്കിലും യൂണിറ്റിൽ മുഖ്യപ്രഭാഷണത്തിന് ക്ഷണിക്കപ്പെടുന്ന ഒരാളാണീ ലേഖകൻ. വേദനയോടെ പറയട്ടെ, ഭൂരിപക്ഷം സ്ഥലങ്ങളിലും പാളം തെറ്റിയാണ് കാര്യപരിപാടികളുടെ പോക്ക്. റിപ്പോർട്ട് എന്ന പേരിൽ, പലപ്പോഴും അവതരിപ്പിക്കപ്പെടുന്നത് ഓരോ മാസത്തേയും യോഗ നടപടിക്കുറിപ്പുകളാണ്. പത്തും പതിനഞ്ചും പേജ് നീളുന്ന ഈ പാരായണം ഏറെ വിരസതയാണ് പ്രദാനം ചെയ്യുക. ഒരു മീറ്റിംഗിന്റെ ആരംഭത്തിൽ തന്നെയുള്ള അജണ്ടയായതിനാൽ പലപ്പോഴും മുഖ്യാതിഥികൾ 'പെട്ടു'പോകും. ഇടവക ദിനങ്ങളിൽ മിക്കവാറും പ്രമുഖ വ്യക്തിത്വങ്ങളായിരിക്കും ഉദ്ഘാടകർ. എല്ലാ സംഘടനകളുടേയും റിപ്പോർട്ടുകൾ ഒന്നിനു പിറകെ ഒന്നായി അവതരിപ്പിക്കുന്നതിന്റെ നിർബന്ധിതാസ്വാദകരായി ഈ എം.എൽ.എ.യോ, പഞ്ചായത്ത് പ്രസിഡണ്ടോ കുടുങ്ങിപ്പോകുന്നു. കൃത്യാന്തര ബാഹുല്യമുള്ള ഫൊറോനാ വികാരിമാർ, അതിരൂപതാധികാരികൾ എന്നിവരും പലപ്പോഴും ഇരകളാകാറുണ്ട്. സമയനിഷ്ഠയിലുള്ള ശ്രദ്ധകൊണ്ടും അജണ്ട ക്രമീകരിക്കുന്നതിലുള്ള ഔചിത്യബോധം കൊണ്ടും പരിഹരിക്കാവുന്നതാണ് ഈ ന്യൂനത. ❑

# നമ്മുടെ സ്വപ്നവും കുട്ടികളുടെ വിദ്യാഭ്യാസവും

മലയാളി അനുദിനം തട്ടിപ്പിനിരയാവുകയാണ്. പ്രഫഷണൽ കോളേജിൽ സീറ്റ് വാഗ്ദാനം, ബുദ്ധി വികസിപ്പിക്കാനുള്ള പ്രത്യേക മരുന്ന്, പുസ്തകം സ്പർശിച്ചാൽ മന:പാഠമാക്കാവുന്ന വിദ്യ... അവസാനം ഫെയ്സ്ബുക്കു തട്ടിപ്പും. മലയാളിയുടെ അതിരു കടന്ന സ്വപ്നങ്ങളാണ് ഈ തട്ടിപ്പിനാധാരം. യാഥാർഥ്യബോധമില്ലാത്ത സ്വപ്നങ്ങളാകട്ടെ നിരാശയിലേക്കും നഷ്ടത്തിലേക്കും നയിക്കുന്നു. മലയാളിയുടെ സ്വപ്നവും മക്കളുടെ വിദ്യാഭ്യാസവും തമ്മിൽ ബന്ധമുണ്ട്. മക്കളെ നാലാൾ കേട്ടാൽ ആശ്ചര്യപ്പെടുന്ന സ്ഥാനങ്ങളിലെത്തിക്കുക, തങ്ങൾക്കു സാക്ഷാത്ക്കരിക്കാൻ സാധിക്കാത്തതിനെ കീഴടക്കാൻ അവരെ പഠിപ്പിക്കുക. ഇങ്ങനെയാണ് ഭൂരിപക്ഷം മാതാപിതാക്കളും ആഗ്രഹിക്കുന്നത്.

സ്വപ്നങ്ങൾ നല്ലതു തന്നെ. എന്നാൽ കുട്ടികളുടെ അഭിരുചിയും, കഴിവുകളും പരിഗണിക്കാതെ മെനഞ്ഞെടുക്കുന്ന സ്വപ്നങ്ങൾ പലപ്പോഴും വലിയ വീഴ്ചയിലേക്കാണ് അവരെ നയിക്കുക. മാനസിക രോഗങ്ങളും, മാതാപിതാക്കളോടുള്ള വെറുപ്പും ഇങ്ങനെ സൃഷ്ടിക്കപ്പെടാം. കുട്ടികളുടെ അഭിരുചിയെ പരിഗണിക്കാതെ പണവും സമൂഹത്തിലെ സ്ഥാനവും ലക്ഷ്യം വയ്ക്കുന്നതിന്റെ ദുരന്തഫലമാണ് ഇന്നു വർദ്ധിച്ചു വരുന്ന തൊഴിൽ രഹിതരായ എഞ്ചിനീയർമാർ. (കേരളത്തിൽ മാത്രം 130 എഞ്ചിനീയറിംഗ് കോളേജുകളാണുള്ളത്. കേരളത്തിലെ 30,000 ഉൾപ്പെടെ 3.5 ലക്ഷം എഞ്ചിനീയറിംഗ് സീറ്റുകളാണ് ദക്ഷിണേന്ത്യയിൽ ഇപ്പോൾ ഒഴിഞ്ഞു കിടക്കുന്നത്). 50 ലക്ഷം രൂപ നല്കി MBBS-ന്റെ NRI സീറ്റിൽ പ്രവേശനം നേടുന്ന പലവിദ്യാർത്ഥികളും ഇടയ്ക്കു വച്ച് പഠനം നിറുത്തുകയും, ആതുരശുശ്രൂഷയോടു താല്പര്യമില്ലായ്മയും പ്രകടിപ്പിക്കുന്നു.

സ്വന്തം കഴിവിനും പ്രാപ്തിക്കുമനുസരിച്ച് വഴികൾ തിരഞ്ഞെടുക്കാൻ മാതാപിതാക്കൾ മക്കളെ സഹായിക്കണം. കണക്ക്, സയൻസ് വിഷയങ്ങൾ പഠിക്കാൻ ബുദ്ധിമുട്ടുള്ള കുട്ടിയെ ഡോക്ടർ/എഞ്ചിനീ

# ഉതപ്പ്

(മർക്കോസ് 9:42-50)

## വ്യാഖ്യാനം

**'ദുഷ്പ്രേരണ' നൽകുക (വ. 42-43):-** ഈ പദത്തിന്റെ തത്തുല്യമായ അർത്ഥം ഈ സുവിശേഷത്തിൽ തന്നെ പരാമർശിക്കുന്നുണ്ട്. വചനത്തെപ്രതി ക്ലേശവും പീഢയുമുണ്ടാകുമ്പോൾ വീണുപോകുന്നവർ (4:17); യേശുവിന്റെ പ്രബോധത്തിൽ ഇടർച്ച തോന്നുന്ന അവന്റെ തന്നെ നാട്ടുകാർ (6:3); കൂടാതെ, തന്റെ പീഢാസഹനങ്ങളെപ്പറ്റിപറയുമ്പോൾ ശിഷ്യന്മാർക്കുണ്ടാകുന്ന ഇടർച്ച (14:27). ഇതു നൽകുന്ന സൂചനയനുസരിച്ച് യേശുവിലും അവന്റെ വചനത്തിലുമുള്ള വിശ്വാസമില്ലായ്മയെ ദുഷ്പ്രേരണയായി കണക്കാക്കാം.

**തിരുകല്ല് കെട്ടി കടലിൽ ചാടുക:** സാധാരണയായി മുന്തിരിചക്കിന്റെ തിരികല്ല് കഴുതയാണ് തിരിക്കുന്നത്. അതിന് അത്രമാത്രം

---

യർ ആക്കാൻ ശാഠ്യം പിടിക്കുന്നതെന്തിന്? ഭാഷയും, ചരിത്രവും, സാമ്പത്തികശാസ്ത്രവും പഠിക്കാൻ അഭിരുചിയുള്ളവരെ ആ മേഖലയിലേക്ക് തിരിച്ചുവിടണം. ആ മേഖലകളിൽ അവർക്ക് തൊഴിൽ നേടാനാകും.

ഒരു യാഥാർത്ഥ്യം നാം തിരിച്ചറിയണം. ഭാവി സുരക്ഷിതമാക്കാൻ കഠിനാദ്ധ്വാനം ചെയത് പഠിക്കുക എന്ന ഒറ്റമൂലിയെ ഉള്ളൂ. സ്വപ്നം കണ്ടാൽ മാത്രം പോര, അതിനു വേണ്ടി പ്രയത്നിക്കണം. കുട്ടികളെ കഠിനാദ്ധ്വാനം ചെയത് പഠിക്കാൻ പ്രേരിപ്പിക്കുകയും, സർവ്വോപരി അവരുടെ മേലുള്ള ദൈവഹിതം തിരിച്ചറിയാൻ മാതാപിതാക്കൾക്ക് കഴിയുകയും വേണം. താല്പര്യമുള്ള വിഷയവും, മേഖലയും തിരിച്ചറിഞ്ഞ് അതിൽ പ്രാവീണ്യം നേടാൻ കുട്ടികൾ ശ്രമിച്ചാൽ ജീവിത വിജയത്തിന്റെ പാത വെട്ടിത്തുറക്കാം. നമ്മുടെ വിദ്യാഭ്യാസ വളർച്ചയെപ്പറ്റിയും തിരഞ്ഞെടുക്കാവുന്ന വിവിധ മേഖലകളെപ്പറ്റിയും അവബോധമുണ്ടാക്കാവുന്ന ചർച്ചകൾ കൂടുംബകൂട്ടായ്മകളിൽ സംഘടിപ്പിക്കേണ്ടതാണ്. ❑

ഭാരമുണ്ട്. യഹൂദർക്ക് കടൽ ഭയാനകമായ ഒന്നാണ്. അതിനാൽ മരണശിക്ഷ ഒരിക്കലും കടലുമായി ബന്ധപ്പെടുന്നില്ല. കടലിനെ തിന്മയുടെ പ്രതീകമായാണ് അവർ കണ്ടിരിക്കുന്നത്. കാരണം, തിന്മയുടെ ശക്തികളെല്ലാം കടലിലാണ് വസിക്കുന്നത്. അതേസമയം റോമാക്കാരും, ഈജിപ്തുക്കാരും കുറ്റവാളികളെ കടലിൽ മുക്കി കൊന്നിരുന്നു. ഉതപ്പു നൽകുന്നവന് യേശു നിർദ്ദേശിക്കുന്ന ശിക്ഷ അത്രമാത്രം ഹീനവും ദാരുണവുമാണ്.

**കൈ-പാദം-കണ്ണ് (വ. 43-48):** യേശുവിന്റെ അഭിപ്രായത്തിൽ എല്ലാ തിന്മകളും ഹൃദയത്തിൽ നിന്ന് വരുന്നു (7:20-23). അങ്ങനെയെങ്കിൽ കൈ-പാദം-കണ്ണ് എന്നീ പ്രധാന അവയവങ്ങൾ ഈ തിന്മകൾ ചെയ്യാനുള്ള വെറും ഉപകരണങ്ങളാണ്. അന്ത്യവിധിയിൽ മനുഷ്യശരീരത്തിലെ അവയവങ്ങൾക്കൊന്നിനും പ്രാമുഖ്യം ഇല്ല എന്ന സത്യം ഇതിലൂടെ വെളിവാകുന്നു. ഒപ്പം ഒരുവന്റെ ഭാഗത്തുനിന്നും തിന്മകളെ എന്തുവിലകൊടുത്തും പ്രതിരോധിക്കാനുള്ള ശ്രമം ഉണ്ടാകണം എന്നും ഇത് ഓർമപ്പെടുത്തുന്നു. ഉതപ്പു നൽകുന്നവരിൽ നിന്നും അകന്നു നിൽക്കണം എന്ന ധ്വനിയും ഈ ഭാഗത്തുണ്ട്. അംഗഭംഗം ചെയ്യണം എന്നതിനെ ആലങ്കാരികമായാണ് സമീപിക്കേണ്ടത്. ക്കുന്നില്ല. ഉതപ്പു നൽകുന്നവനെ അകറ്റി നിറുത്തണം (cut off)എന്ന അർത്ഥവും ഇവിടെ ആരോപിക്കാവുന്നതാണ്.

**'പുഴുചാകാത്തതും തീ കെടാത്തതുമായ നരകം' (വ. 48):** 'ഗേഹന്നാ' എന്ന് വിളിക്കുന്ന ജറുസലേമിന് പുറത്തുള്ള സ്ഥലത്തെ നിത്യനരകത്തിന്റെ പ്രതീകമായിട്ടാണ് വി.ഗ്രന്ഥം അവതരിപ്പിക്കുന്നത്. കാരണം, സാധാരണയായി ഈ താഴ്വരയിലാണ് കുറ്റവാളികളുടെയും മൃഗങ്ങളുടേയും മൃതശരീരങ്ങൾ ദഹിപ്പിക്കുന്നത്. അതിനാൽ ഈ സ്ഥലത്ത് എപ്പോഴും അഗ്നിയും, പുകയും, ദുർഗന്ധവും ഉണ്ടായിരിക്കും. ഭീതിജനകവും അശുദ്ധവുമായ ഈ സ്ഥലത്തെ ഉപമിച്ചുകൊണ്ടാണ് സുവിശേഷങ്ങളിൽ നരക സങ്കല്പം വരച്ചു കാണിക്കുക.

**അഗ്നിയാൽ ഉറ കൂട്ടപ്പെടുക (വ. 49):** ലേവ്യരുടെ നിയമപ്രകാരം എല്ലാ ബലിയിലും ഉപ്പ് സമർപ്പിക്കണം (ലേവ്യ 2:13). ഉപ്പ് മൂലം ബലിവസ്തു പെട്ടെന്ന് ദഹിപ്പിക്കപ്പെടുന്നില്ല. അതായത് അഗ്നിക്കുപോലും അതിനെ ദഹിപ്പിച്ച് ഇല്ലാതാക്കാൻ സാധിക്കുകയില്ല. നമ്മിൽ

ഉണ്ടായിരിക്കേണ്ട പ്രതികൂല സാഹചര്യങ്ങളെ, തിന്മയുടെ ശക്തികളെ പ്രതിരോധിക്കാൻ ആവശ്യമായ വരപ്രസാദത്തിന്റെ ഉറയെ ഇത് സൂചിപ്പിക്കുന്നു.

## വിചിന്തനം

**അപരനെ ഉണർത്തുന്ന ദൈവസാന്നിദ്ധ്യം:-** എന്റെ സാന്നിദ്ധ്യം എന്നെ കാണുന്ന, കേൾക്കുന്ന വ്യക്തിയിൽ ഉണർത്തുന്നത് ദൈവീക ചിന്തകളാണോ? അല്ലെങ്കിൽ ഉതപ്പോ? വേഷവിധാനങ്ങൾ, വാക്കുകൾ, പ്രവർത്തികൾ, ഒരുപക്ഷേ, നമ്മുടെ അഭിരുചികൾപോലും ഉതപ്പിനു കാരണങ്ങളാകുന്നു.

ഇതിന് ഒരു മറുവശം കൂടിയുണ്ട്. എന്തിലും ഉതപ്പു കണ്ടെത്തുന്ന ഒരു പ്രവണതയും നമ്മിൽ പ്രത്യേകിച്ച് വിശ്വാസികളിലുണ്ട്. മറ്റുള്ളവരുടെ വാക്കുകളിൽ, ഇഷ്ടങ്ങളിൽ, മതവിശ്വാസങ്ങളിൽ ഉതപ്പു കണ്ടെത്താൻ വ്യഗ്രത കാട്ടുന്ന പ്രവണതയും സർവ്വസാധാരണമാണ്. ഇത് മനുഷ്യനെ വർഗ്ഗവത്ക്കരിക്കാനേ ഉപകരിക്കൂ. ദൈവരാജ്യം വ്യത്യസ്തകളെ ഉൾക്കൊള്ളാൻ മാത്രം വിശാലമാണ്. നമ്മുടെ മനസ്സ് സങ്കുചിതചിന്തകൾക്കപ്പുറം ദൈവരാജ്യത്തിന്റെ ചെറിയ പതിപ്പാകണം.

ആത്യന്തികമായി ''അനുഗ്രഹമാകാൻ'' (ഉല്പ 12:2) നാം ഓരോരുത്തരും അയക്കപ്പെട്ടിരിക്കുന്നു. ഞാൻ ഒരു പ്രശ്ന പരിഹാരമാണോ അല്ലെങ്കിൽ പ്രശ്നം തന്നെയാണോ... യഥാർത്ഥ വിശുദ്ധി ഇവിടെ ആരംഭിക്കുന്നു.

## പ്രായോഗികതലം

1. നമ്മുടെ വിശ്വാസജീവിതത്തിന് (ഉദാ: ഞായറാഴ്ച ആചരണം) ഉതപ്പുകൾ സൃഷ്ടിക്കുന്ന മേഖലകൾ, സാഹചര്യങ്ങൾ ഏവ? എപ്രകാരം ഇവിടെ വിശ്വാസജീവിതത്തിന് സാക്ഷികളാകും?
2. ധ്യാനകേന്ദ്രങ്ങൾ, നവീകരണപ്രസ്ഥാനങ്ങൾ, മുതലായവ മറ്റുള്ളവരുടെ ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും 'ഉതപ്പിന്റെ' മേഖലയിൽപ്പെടുത്തിന്നതിനെ വിലയിരുത്തുക. (ഉദാ നിലവിളക്ക്, ഓർക്കിഡ് പുഷ്പങ്ങൾ, മുതലായവ). നമ്മുടെ സഭയുടെ പ്രബോധനം (Catechism of the Catholic Church) അനുസരിച്ച് എന്ത് നിലപാടാണ് നാം സ്വീകരിക്കേണ്ടത്?

❑



# ആതിഥ്യം

എബ്രഹാം ലിങ്കൺ അമേരിക്കൻ പ്രസിഡൻസിയിലേക്കു നോമിനേറ്റു ചെയ്യപ്പെട്ടതിനു ശേഷം, ഒരു കമ്മറ്റിയിലെ അംഗങ്ങൾ അദ്ദേഹത്തെ സന്ദർശിക്കുന്ന അവസരം. അവർക്കുവേണ്ടി പ്രത്യേക ആതിഥ്യരീതികൾ സഹപ്രവർത്തകർ നിർദ്ദേശിച്ചു. തൽഫലമായി, സമുചിതമായ ഭക്ഷണം വിളമ്പുന്നതിനു ലിങ്കൺ നിർദ്ദേശം കൊടുത്തു. ഈ അതിഥികൾ ചില പ്രത്യക ബ്രാൻഡിൽപെട്ട മദ്യം പ്രതീക്ഷിക്കുന്നുണ്ടെന്ന് സഹപ്രവർത്തകർ കൂട്ടിച്ചേർത്തപ്പോൾ ലിങ്കൺന്റെ മറുപടി ഇപ്രകാരമായിരുന്നു: ''ഞാൻ ചെയ്യാത്ത ഒരു കാര്യം അവർക്കുവേണ്ടി അനുവദിക്കാൻ എനിക്കു താല്പര്യമില്ല.''

**ആതിഥേയന്റെ ഹൃദ്യതയാണ് അതിഥിക്ക് ഊഷ്മളത നല്കുന്നത്. മദ്യസൽക്കാരങ്ങൾക്ക് അത് നല്കാനാവില്ല.**

കർത്താവേ അങ്ങയുടെ
പ്രവൃത്തികൾ
എന്നെ സന്തോഷിപ്പിച്ചു;
അങ്ങയുടെ അത്ഭുതപ്രവൃത്തി
കണ്ട് ഞാൻ ആനന്ദഗീതം
ആലപിക്കുന്നു.
കർത്താവേ, അങ്ങയുടെ പ്രവൃത്തികൾ
എത്ര മഹനീയം!
അങ്ങയുടെ ചിന്തകൾ
എത്ര അഗാധം!
(സങ്കീർത്തനം 92:4-5)